(കറുപ്പ്/ചോക്ലേറ്റ് നിറം, മഞ്ഞ കലർന്ന തവിട്ടുനിറം, ഇളം ചുവപ്പ്, വെളുപ്പ് , ഒലിവ് എണ്ണയുടെ നിറം, കറുത്ത ചുരുണ്ട തലമുടി, കോലൻ തലമുടി, ഇളം തവിട്ടു നിറമോ സ്വർണ നിറമോ ആയ തലമുടി, വിടർന്ന് പരന്ന മൂക്ക്, പതിഞ്ഞ മൂക്ക്, ഉയർന്ന് നീണ്ട മൂക്ക്, തവിട്ടുനിറമുള്ള കൃഷ്ണമണി, കൺപോളകളുടെ മടക്ക്, ഇളം നീലയോ ഇരുണ്ട നിറമോ ആയ കൃഷ്ണമണി)

വിവിധ വർഗങ്ങളുടെ പ്രത്യേകതകൾ പട്ടിക രൂപത്തിൽ പൂർത്തിയാക്കാൻ അധ്യാപകൻ കുട്ടികൾക്ക്



| | | | |
|---|---|---|---|
| ഒയാഷിയോ പ്രവാഹം | ശീതജല പ്രവാഹം | ഏഷ്യയുടെ വടക്കു കിഴക്കും വടക്കേ അമേരിക്കയുടെ വടക്കു പടിഞ്ഞാറും തീരങ്ങൾ | വടക്കുനിന്ന് തെക്കോട്ട് |
| ദക്ഷിണ മധ്യരേഖാ പ്രവാഹം | ഉഷ്ണജല പ്രവാഹം | ന്യൂഗിനി, ഓസ്ട്രേലിയയുടെ വടക്കു കിഴക്കേ തീരം | കിഴക്കു നിന്ന് പടിഞ്ഞാറോട്ട് |
| പൂർവ്വ ആസ്ട്രിയൻ പ്രവാഹം | ഉഷ്ണജല പ്രവാഹം | ഓസ്ട്രേലിയായുടെ കിഴക്കേ തീരം ടാസ്മേനിയ ദ്വീപ് | വടക്കുനിന്ന് തെക്കോട്ട് |
| പശ്ചിമ വാത പ്രവാഹം | ശീതജല പ്രവാഹം | ദക്ഷിണ പസഫിക് സമുദ്രത്തിന് കുറുകെ ഒഴുകുന്നു | പടിഞ്ഞാറുനിന്ന് കിഴക്കോട്ട് |
| പെറു (ഹംബ്രാൾട്ട്) പ്രവാഹം | ശീതജല പ്രവാഹം | തെക്കെ അമേരിക്കയുടെ പശ്ചിമ തീരം | തെക്കുനിന്ന് വടക്കോട്ട് |
| മധ്യരേഖാ പ്രതിപ്രവാഹം | ഉഷ്ണജല പ്രവാഹം | മധ്യരേഖാ പ്രദേശത്തെ സമുദ്രത്തിന് കുറുകെ ഒഴുകുന്നു | പടിഞ്ഞാറു നിന്ന് കിഴക്കോട്ട്. |
| ഉത്തരമധ്യരേഖാ പ്രവാഹം | ഉഷ്ണജല പ്രവാഹം | തെക്കേ അമേരിക്ക വെസ്റ്റ് ഇൻഡീസ് ദ്വീപുകൾ | കിഴക്കുനിന്ന് പടിഞ്ഞാറോട്ടുംതുടർന്ന് വടക്കുനിന്ന് പടിഞ്ഞാറോട്ടും |
| ഫ്ളോറിഡാ പ്രവാഹം | ഉഷ്ണജല പ്രവാഹം | ഫ്ളോറിഡ ഉപദ്വീപ്, യു. എസ്. എ. യുടെ തെക്ക് കിഴക്കേ തീരം | തെക്കുനിന്ന് വടക്കോട്ട് |
| ഗൾഫ് സ്ട്രീം പ്രവാഹം | ഉഷ്ണജല പ്രവാഹം | യു.എസ്.എ യുടെ കിഴക്കേ തീരം | തെക്കു പടിഞ്ഞാറുനിന്ന് വടക്കുകിഴക്കോട്ട് |
| ഉത്തര അത്‌ലാന്റിക് പ്രവാഹം | ഉഷ്ണജല പ്രവാഹം | ന്യൂഫൗണ്ട് ലാന്റ് കടന്ന് അത്‌ലാന്റികിന് കുറുകെ ഒഴുകുന്നു | വടക്കു കിഴക്കോട്ട് |
| ലാബ്രഡോർ പ്രവാഹം | ശീതജല പ്രവാഹം | ഗ്രീൻലാന്റ്, കാനഡയുടെ കിഴക്കേ തീരം | വടക്കു നിന്ന് തെക്കോട്ട് |
| കാനറീസ് പ്രവാഹം | ശീതജല പ്രവാഹം | സ്പെയിൻ, പോർച്ചുഗൽ അസോഡ് ദ്വീപുകൾ | വടക്കു നിന്ന് തെക്കോട്ട് |
| ദക്ഷിണ മധ്യരേഖാ പ്രവാഹം | ഉഷ്ണ ജല പ്രവാഹം | തെക്കെ അമേരിക്കയുടെ വടക്കേ തീരം | കിഴക്കു നിന്ന് പടിഞ്ഞാറോട്ട് |
| ബ്രസീൽ പ്രവാഹം | ഉഷ്ണ ജല പ്രവാഹം | ബ്രസീൽ തീരം | വടക്കുനിന്ന് തെക്കോട്ട് |
| പശ്ചിമ വാത പ്രവാഹം | ശീതജല പ്രവാഹം | ദക്ഷിണ അത്‌ലാന്റിക്കിന് കുറുകെ ഒഴുകുന്നു. | പടിഞ്ഞാറു നിന്ന് കിഴക്കോട്ട് |
| ബൻഗ്വേല പ്രവാഹം | ശീതജല പ്രവാഹം | ആഫ്രിക്കയുടെ പടിഞ്ഞാറെ തീരം | തെക്കുനിന്ന് വടക്കോട്ട് |
| മധ്യരേഖാ പ്രതിപ്രവാഹം | ഉഷ്ണമേഖല പ്രവാഹം | മധ്യരേഖാ പ്രദേശത്ത് അത്‌ലാന്റിക്കിന് കുറുകെ | പടിഞ്ഞാറു നിന്ന് കിഴക്കോട്ട്. |

| സുമുദ്രജല പ്രവാഹം | ഉഷ്ണ/ശീതജല പ്രവാഹം | കടന്നുപോകുന്ന തീരങ്ങൾ/ ദ്വീപുകൾ മുതലായവ | പ്രവാഹ ദിശ |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

**സൂചന:**

- വൻകരയുടെ പടിഞ്ഞാറ് ശീതജലവും കിഴക്ക് ഉഷ്ണജല പ്രവാഹവും ഉണ്ട്.
- ധ്രുവ പ്രദേശത്തുനിന്ന് വരുന്ന പ്രവാഹങ്ങൾ ശീതജല പ്രവാഹമാണ്.
- താഴ്ന്ന അക്ഷാംശങ്ങളിൽ നിന്ന് ഉയർന്ന അക്ഷാംശങ്ങളിലേക്ക് പോകുന്ന പ്രവാഹ ങ്ങൾ ഉഷ്ണജല പ്രവാഹമാണ്.
- ഉത്തരാർദ്ധ ഗോളത്തിൽ തെക്കുനിന്ന് വടക്കോട്ട് പോകുന്ന ഉഷ്ണ ജല പ്രവാഹവും ദക്ഷിണാർദ്ധ ഗോളത്തിൽ തെക്കുനിന്ന് വടക്കോട്ട് പോകുന്നവ ശീതജല പ്രവാഹവുമാണ്.

### പസഫിക് സമുദ്രത്തിലെ പ്രവാഹങ്ങൾ

## തുടർ പ്രവർത്തനം

(1) വൻകരകളുടെ പശ്ചിമ - പൂർവ്വ തീരങ്ങളിലൂടെ ഒഴുകുന്ന ജലപ്രവാഹങ്ങൾക്ക് എന്തെങ്കിലും പൊതു സവിശേഷതയുണ്ടോ? വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയ എന്നീ വൻകരകളെ അടിസ്ഥാനമാക്കി നിഗമനം രൂപപ്പെടുത്തുക.

| സമുദ്രജല പ്രവാഹം | ഉഷ്ണ/ശീതജല പ്രവാഹം | കടന്നുപോകുന്ന തീരങ്ങൾ/ ദ്വീപുകൾ മുതലായവ | പ്രവാഹദിശ |
|---|---|---|---|
| ഉത്തര മധ്യരേഖാ പ്രവാഹം | ഉഷ്ണജല പ്രവാഹം | ഫിലിപ്പൈൻ ദ്വീപുകൾ, ഏഷ്യയുടെ തീരം | കിഴക്കുനിന്ന് പടിഞ്ഞാറോട്ട് |
| കുറോഷിയോ | ഉഷ്ണജല പ്രവാഹം | തായ്‌വാൻ, ജപ്പാൻ, ഏഷ്യയുടെ തീരം | തെക്കുനിന്ന് വടക്കു കിഴക്കോട്ട്. |
| ഉത്തര പസഫിക് പ്രവാഹം | ഉഷ്ണജല പ്രവാഹം | ഉത്തര പസഫിക്കിന് കുറുകെ ഒഴുകുന്നു. | തെക്കു കിഴക്കു നിന്ന് വടക്കു പടിഞ്ഞാറോട്ട്. |
| ബ്രിട്ടീഷ് കൊളംബി പ്രവാഹം | ഉഷ്ണജല പ്രവാഹം | കനഡാ തീരം | വടക്കുനിന്ന് തെക്കോട്ട് |
| കാലിഫോർണിയ പ്രവാഹം | ശീതജല പ്രവാഹം | യു.എസ്.എയുടെ പടിഞ്ഞാറെ തീരം | വടക്ക് നിന്ന് തെക്കോട്ട് |



നിർദേശം നൽകുന്നു.

| പ്രത്യേകതകൾ | നീഗ്രോയ്ഡ് | മംഗളോയ്ഡ് | കോക്കസോയ്ഡ് |
|---|---|---|---|
| തൊലിയുടെ നിറം | കറുപ്പ്, ചോക്ലേറ്റ് നിറം | മഞ്ഞ കലർന്ന തവിട്ടുനിറം | ഇളം ചുവപ്പ്, വെളുപ്പ്, ഒലിവെണ്ണയുടെ നിറം. |
| തലമുടിയുടെ സ്വഭാവം | കറുത്തു ചുരുണ്ട മുടി | കോലൻ തലമുടി | ഇളം തവിട്ടുനിറമോ സ്വർണ നിറമോ ആയ തലമുടി |
| മൂക്കിന്റെ ആകൃതി | വിടർന്നു പരന്ന മൂക്ക് | പതിഞ്ഞ മൂക്ക് | ഉയർന്നു നീണ്ട മൂക്ക് |
| കണ്ണിരിന്റെ പ്രത്യേകത | തവിട്ടുനിറമുള്ള കൃഷ്ണമണി | കൺപോളകളുടെ മടക്ക് | ഇളംനീലയോ, ഇരുണ്ട നിറമോ ആയ കൃഷ്ണമണി. |
| മറ്റ് പ്രത്യേകതകൾ | തടിച്ച ചുണ്ടുകൾ, പുറത്തേക്ക് ഉന്തിയ പല്ലുകൾ | താരതമ്യേന കുറഞ്ഞ ശരീര രോമം | ദൃഢമായ ഉയരം കൂടുതൽ നേർത്ത ചുണ്ടുകൾ |

**CWSN** പട്ടിക പൂർത്തീകരിക്കുന്നു.

**പ്രവർത്തനം - 2**

ടി.ബി.യിലെ വിവിധ മനുഷ്യ വർഗങ്ങളുടെ പ്രാചീന കാലത്തെ വിതരണ ഭൂപടം കുട്ടികളെ പരിചയപ്പെടുത്തുന്നു.

ടി ബി പേജ് 11 (ചിത്രം .1.2)

ചിത്രം നിരീക്ഷിച്ച് വിവിധ മനുഷ്യ വർഗ്ഗങ്ങൾ വസിച്ചിരുന്ന പ്രദേശത്ത് വ്യക്തിഗതമായി കണ്ടെത്തിയെഴുതാനും തുടർന്ന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ അവതരിപ്പിക്കാനും അവസരം നൽകുന്നു. അതോടൊപ്പം പ്രാചീന കാലത്ത് അത്തരം പ്രദേശങ്ങളിൽ വസിച്ചിരുന്ന മനുഷ്യ വർഗത്തിൽപ്പെട്ടവർ തന്നെയാണോ ഇപ്പോഴും അതേ പ്രദേശങ്ങളിൽ വസിക്കുന്നതെന്നും വ്യത്യാസമുണ്ടാകാൻ കാരണമെന്താണെന്നും ചോദ്യമുയർത്തുന്നു.

### Key Points:

നീഗ്രോയ്ഡ് : ഉത്തരാഫ്രിക്ക ഒഴികെയുള്ള ആഫ്രിക്കൻ വൻകര, ആസ്ത്രേലിയ

മംഗളോയ്ഡ് : തെക്കേ അമേരിക്ക, വടക്കേ അമേരിക്ക, ഏഷ്യയുടെ വടക്കും കിഴക്കും.

കോക്കസോയ്ഡ് : ഉത്തരാഫ്രിക്ക, യൂറോപ്പ്

(ഇന്ന് അമേരിക്കാ വൻകരകളിൽ നിന്ന് മംഗളോയ്ഡ് വിഭാഗം ഏറെക്കുറെ തുടച്ചുനീക്കപ്പെട്ടിരിക്കുന്നു. ആഫ്രിക്കയുടെ മധ്യഭാഗം നീഗ്രോയ്ഡിന് മുൻതൂക്കം. ആസ്ത്രിയയിൽ നീഗ്രോയ്ഡ് വളരെ കുറഞ്ഞിരിക്കുന്നു. ഇന്ത്യയുടെ വടക്കു പടിഞ്ഞാറ് കോക്കസോയ്ഡ് കൂടുതലാണ്. ഇന്ന് ലോകത്ത് മംഗളോയ്ഡും അതിന്റെ ഉപവിഭാഗവുമാണ് കൂടുതൽ. കിഴക്കൻ ഏഷ്യയിൽ മംഗളോയ്ഡ് കൂടുതൽ. യൂറോപ്പിൽ കോക്കസോയ്ഡ് തന്നെ കൂടുതൽ)

പ്രവർത്തനം -3

ഇന്ത്യയിൽ കാണപ്പെടുന്ന വിവിധ മനുഷ്യ വർഗങ്ങൾ ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകുന്നു.

Key Points:

കോക്കസോയ്ഡിന്റെ സാന്നിധ്യം കൂടുതൽ : വടക്കു പടിഞ്ഞാറ് ഭാഗം

മംഗളോയ്ഡ് : വടക്കു കിഴക്കു ഭാഗം (നാഗാലാന്റ്, അരുണാചൽ പ്രദേശ്, മണിപ്പൂർ....)

നീഗ്രോയ്ഡിന്റെ സാന്നിധ്യം : തെക്കേ ഇന്ത്യ

**ഉപവിഭാഗങ്ങൾ**

നീഗ്രോയ്ഡ് : ബുഷ്മൻ, പിഗ്മി

മംഗളോയ്ഡ് : എക്സിമോ

കോക്കസോയ്ഡ് : സെൽറ്റുകൾ, ഗോത്തുകൾ

**CWSN** ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലെ ആളുകളുടെ ചിത്രങ്ങൾ ശേഖരിക്കുക. താരതമ്യപ്പെടുത്തുക.

**കുടിയേറ്റം**

ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇന്ന് വ്യാപകമായി കാണപ്പെടുന്ന ഒരു പ്രതിഭാസമാണ് കുടിയേറ്റം. തൊഴിൽ, വിദ്യാഭ്യാസം, രാഷ്ട്രീയം, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തുടങ്ങിയ നിരവധി കാരണങ്ങൾ കുടിയേറ്റക്കാർക്ക് പ്രചോദനമായിട്ടുണ്ട്. കേരളത്തിൽ നിന്നും മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപകമായി കുടിയേറ്റങ്ങൾ നടക്കുന്നുണ്ട്. ഈ കുടിയേറ്റങ്ങളെയും അവ സമൂഹത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെയും നിരീക്ഷിക്കുക, അവയെ വിമർശനാത്മകമായി അപഗ്രഥിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുവാൻ കഴിവ് കുട്ടികളിൽ വളർത്തുക എന്നിവയാണ് ഈ ഉപയൂണിറ്റിന്റെ മുഖ്യലക്ഷ്യങ്ങൾ.

**രൂപപ്പെടേണ്ട ആശയങ്ങൾ**

- ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറിപാർക്കൽ
- രാജ്യാതിർത്തി കടന്ന കുടിയേറ്റങ്ങളെ അന്താരാഷ്ട്ര കുടിയേറ്റമെന്നും ഒരു രാജ്യത്തിനകത്തു തന്നെ നടക്കുന്ന കുടിയേറ്റങ്ങളെ ആഭ്യന്തര കുടിയേറ്റമെന്നും പറയാം.
- ഇന്ന് കുടിയേറ്റ നിയമങ്ങൾ കർശനമാണല്ലോ. വിദേശ രാജ്യ സന്ദർശനത്തിന് വിസ ആവശ്യമാണ്.
- നമ്മുടെ രാജ്യത്തിൽ നിന്ന് മറ്റു രാജ്യങ്ങളിലേക്ക് പോകുന്നതിന് ഇമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമാണ്. അതുപോലെ മറ്റു രാജ്യത്തു നിന്നും ഇങ്ങോട്ട് വരുമ്പോൾ ഇമിഗ്രേഷനും.
- കുടിയേറ്റം വിവിധ കാരണങ്ങളാൽ സംഭവിക്കുന്നു. കുടിയേറ്റ കാരണങ്ങൾ ആകർഷിതമെന്നും നിർബന്ധിതമെന്നും രണ്ടായി തിരിക്കുന്നു.

***ഒരു നിശ്ചിത സെൻസസ് സമയത്ത് ഒരാൾ തന്റെ ജന്മദേശത്തൊഴികെ മറ്റേതെങ്കിലും പ്രദേശത്തെ കണക്കെടുപ്പിലാണ് ഉൾപ്പെടുന്നതെങ്കിൽ അയാളെ ഒരു കുടിയേറ്റക്കാരനായി കണക്കാക്കാം. (Indian Govt. Census Report)***



1. അക്ഷാംശം 2. ലവണത്വം 3. സമുദ്രജല പ്രവാഹങ്ങൾ 4. കാറ്റുകൾ

5. സമുദ്രത്തിന്റെ സ്ഥാനം ആകൃതി.

## പ്രവർത്തനം – 8

അത്ലാന്റിക് പസഫിക് സമുദ്രങ്ങളിലെ സമുദ്രജല പ്രവാഹങ്ങളുടെ ഗതിയെ നിയന്ത്രിക്കുന്നതിൽ പശ്ചിമ വാതങ്ങളുടെയും വാണിജ്യ വാതങ്ങളുടെയും പങ്ക് വിശദമാക്കുക.

ചിത്രം ടി.ബി. പേജ് 32 (2.4 ചിത്രം), പേജ് 36 (2.5ചിത്രം)

**സൂചന**

ഇരുസമുദ്രങ്ങളിലെയും ഉത്തര ദക്ഷിണ മധ്യരേഖാ പ്രവാഹങ്ങളുടെ ഗതി നിയന്ത്രിക്കുന്നത് വാണിജ്യ വാതങ്ങളാണ്.

| സമുദ്രം | പ്രവാഹങ്ങൾ | വാതങ്ങൾ |
|---|---|---|
| അത്ലാന്റിക് | പസഫിക് ഉത്തരമധ്യ പ്രവാഹം | വാണിജ്യ വാതങ്ങൾ |
| അത്ലാന്റിക് | പസഫിക് ദക്ഷിണ മധ്യരേഖാ പ്രവാഹം | വാണിജ്യ വാതങ്ങൾ |
| പസഫിക് | കുറോഷിയോ | പശ്ചിമ വാതങ്ങൾ |
| പസഫിക് | ഉത്തര പസഫിക് പ്രവാഹം | പശ്ചിമ വാതങ്ങൾ |
| പസഫിക് | പൂർവ്വ ആസ്ട്രേലിയൻ പ്രവാഹം | പശ്ചിമ വാതങ്ങൾ |
| അത്ലാന്റിക് | ഗൾഫ് സ്ട്രീം | പശ്ചിമ വാതങ്ങൾ |
| അത്ലാന്റിക് | ബ്രസീൽ പ്രവാഹം | പശ്ചിമ വാതങ്ങൾ |
| അത്ലാന്റിക് | $30^{\circ}$ പിന്നിടുന്ന ബ്രസീൽ പ്രവാഹം | പശ്ചിമ വാതങ്ങൾ |

**സൂചന:**

മൂന്ന് മഹാസമുദ്രങ്ങളിലെയും പ്രവാഹങ്ങൾ പട്ടികപ്പെടുത്താവുന്നതാണ്.

പ്രവാഹ ദിശ മാറുന്നതിന്റെ കാരണം, കാറ്റിന്റെ ഗതി, കരകളുടെ സ്ഥാനം തിരിച്ചറിഞ്ഞ് ഇവയുടെ പേരുകൾ പട്ടികപ്പെടുത്തുക.

പ്രധാന അക്ഷാംശരേഖകൾ കൂടി ഭൂപടത്തിൽ രേഖപ്പെടുത്തിയാൽ വിശകലനംഎളുപ്പമാകും.

ഏഷ്യക്ക് പടിഞ്ഞാറ് പ്രവാഹമില്ല.(യൂറോപ്പ് വൻകരയാണ്)എന്ന് കണ്ടെത്താൻ സഹായിക്കുന്നു.

യൂറോപ്പിന് കിഴക്ക് പ്രവാഹമില്ല. (ഏഷ്യ വൻകരയാണ്)

## പ്രവർത്തനം – 9

പാഠപുസ്തകത്തിലെ ചിത്രം 2.4, 2.5, (പസഫിക് അത്ലാന്റിക് 2.6, 2.7 (ഇന്ത്യൻ മഹാസമുദ്രം) എന്നിവയുടെ രൂപരേഖയിൽ സമുദ്രജല പ്രവാഹങ്ങൾ ചിത്രീകരിക്കുന്നു.

പസഫിക്, അത്ലാന്റിക്, മഹാസമുദ്രങ്ങളിലെ ജലപ്രവാഹങ്ങളെ പട്ടികപ്പെടുത്തുക.

**Key Points:**

എ) ധാതു എണ്ണയുടെ ചോർച്ച

ബി) ആണവ അവശിഷ്ടങ്ങളുടെ പുറംതള്ളൽ

സി) പോഷകാധിക്യ മലിനീകരണം

ഡി) താപമലിനീകരണം

ഇ) കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന കീടനാശിനികൾ

എഫ്) ഇ-വെയ്സ്റ്റ്

**പോഷകാധിക്യ മലിനീകരണം**

കടലിൽ എത്തിച്ചേരുന്ന നൈട്രേറ്റുകളും സൾഫേറ്റുകളും ഓക്സിജനെ ആഗിരണം ചെയ്യുന്ന പായലുകളുടെ വളർച്ചയെ സഹായിക്കുന്നു. ഈ പായലുകൾ സമുദ്രജലത്തിലെ ഓക്സിജന്റെ അംശം കുറക്കുന്നു. ഇതിനെ പോഷകാധിക്യ മലിനീകരണമെന്നാണ് അറിയപ്പെടുന്നത്.

## സമുദ്രജല പ്രവാഹങ്ങൾ

**ലഭിക്കേണ്ട ആശയങ്ങൾ**

ഒരേ ദിശയിൽ നിന്ന് മറ്റൊരു ദിശയിലേക്ക് ജലത്തിന്റെ തുടർച്ചയായ ഒഴുക്കാണ് സമുദ്രജല പ്രവാഹം.

ജലപ്രവാഹങ്ങളുടെ ഉത്ഭവത്തിലും മുന്നോട്ടുള്ള ഗതിയിലും ജലത്തിന്റെ താപവ്യത്യാസം സാന്ദ്രതാ വ്യത്യാസം, ലവണത്വം, കോറിയോലീസ് പ്രവാഹം, ആഗോള വാതങ്ങൾ എന്നിവയുടെ പങ്ക്.

പ്രവാഹങ്ങളുടെ തരംതിരിവ് - പസഫിക് അത്ലാന്റിക് ഇന്ത്യൻ സമുദ്രങ്ങളിലെ പ്രധാന ജലപ്രവാഹങ്ങൾ.

സമുദ്രജല പ്രവാഹങ്ങളുടെ പ്രധാന പ്രയോജനങ്ങൾ

## പ്രവർത്തനം - 7

ചർച്ചയിലൂടെ സമുദ്രജല ഊഷ്മാവിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ കണ്ടെത്താൻ കുട്ടികളെ സഹായിക്കുന്നു.

**സൂചന:**






**പ്രവർത്തനം - 4**

ക്ലാസിലെ കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. കുടിയേറ്റവുമായി ബന്ധപ്പെട്ട സൂചകങ്ങൾ ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു. സൂചകങ്ങളെ അടിസ്ഥാനമാക്കി ചർച്ച ചെയ്ത് അവതരിപ്പിക്കാൻ അവസരം നൽകുന്നു.

**സൂചകങ്ങൾ**

1. കുടിയേറ്റത്തിന് കാരണമായ ഘടകങ്ങൾ
   (നിർബന്ധിത ഘടകങ്ങൾ....പരിസ്ഥിതി ദുരന്തങ്ങൾ, രാഷ്ട്രീയ അരക്ഷിതാവസ്ഥ, പകർച്ച വ്യാധികൾ, അടിമത്വം, മതപരമായ കാരണങ്ങൾ, ദാരിദ്ര്യം....ആകർഷിത ഘടകങ്ങൾ - മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, വിഭവങ്ങളുടെ കണ്ടെത്തൽ, രാജ്യാതിർത്തിയുടെ വ്യാപനം, ഉന്നത വിദ്യാഭ്യാസ സാധ്യതകൾ, നല്ല കാലാവസ്ഥ....!
2. (കുടിയേററത്തിന്റെ സ്വഭാവം - ആഭ്യന്തരം, അന്താരാഷ്ട്രം, ആകർഷകം, നിർബ്ബന്ധിതം)
3. കുടിയേറ്റത്തിന്റെ അനന്തര ഫലങ്ങൾ

**ക്രോഡീകരണത്തിന് ശേഷം ചുവടെ നൽകിയ വർക്ക്ഷീറ്റ് പൂർത്തീകരിക്കാൻ കുട്ടികളെ സഹായിക്കുന്നു.**

| കുടിയേറ്റങ്ങൾ | കാരണങ്ങൾ | ആകർഷിത നിർബന്ധിത കുടിയേറ്റം | ആഭ്യന്തര/ അന്താരാഷ്ട്ര കുടിയേറ്റം |
|---|---|---|---|
| അമേരിക്കൻ ഐക്യനാടുകളിലേക്ക് തീർത്ഥാടക പിതാക്കളുടെ കുടിയേറ്റം | മതപരം | നിർബന്ധിതം | അന്താരാഷ്ട്ര കുടിയേറ്റം |
| അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് ഇന്ത്യൻ ഡോക്ടർമാരുടേയും നേഴ്സുമാരുടെയും കുടിയേറ്റം | മെച്ചപ്പെട്ട തൊഴിലവസരങ്ങൾ | ആകർഷിതം | അന്താരാഷ്ട്ര കുടിയേറ്റം |
| ശ്രീലങ്കയിൽ നിന്നും ടിബറ്റിൽ നിന്നും ഇന്ത്യയിലേക്കുണ്ടായ കുടിയേറ്റം | രാഷ്ട്രീയ അരക്ഷിതാവസ്ഥ | നിർബന്ധിതം | അന്താരാഷ്ട്രം |
| ചെർണോബിൽ, ഭോപാൽ, എന്നിവിടങ്ങളിൽ നിന്നും മറ്റിടങ്ങളിലേക്കുണ്ടായ കുടിയേറ്റം | പരിസ്ഥിതി ദുരന്തങ്ങൾ | നിർബന്ധിതം | ആഭ്യന്തരം |
| ദക്ഷിണാഫ്രിക്കയിലേക്ക് വെള്ളക്കാരുടെ കുടിയേറ്റം | വിഭവങ്ങളുടെ കണ്ടെത്തൽ | ആകർഷിതം | അന്താരാഷ്ട്രം |
| ഗൾഫ് നാടുകളിലേക്ക് മലയാളികളുടെ കുടിയേറ്റം | മെച്ചപ്പെട്ട തൊഴിലവസരങ്ങൾ | ആകർഷിതം | അന്താരാഷ്ട്രം |
| എത്യോപ്യൻ ജനതയുടെ സുഡാനിലേക്കുള്ള കുടിയേറ്റം | ഭക്ഷ്യക്ഷാമം | നിർബന്ധിതം | അന്താരാഷ്ട്രം |
| ഇന്ത്യയിലേക്ക് യൂറോപ്യന്മാരുടെ കുടിയേറ്റം | വിഭവങ്ങളുടെ കണ്ടെത്തൽ/ രാജ്യാതിർത്തിയുടെ വ്യാപനം | ആകർഷിതം | അന്തരാഷ്ട്രം |
| മധ്യതിരുവിതാംകൂറിൽ നിന്ന് മലബാർ പ്രദേശങ്ങളിലേക്കുണ്ടായ കുടിയേറ്റം | സാമ്പത്തിക ലക്ഷ്യങ്ങൾ | ആകർഷിതം | അന്താരാഷ്ട്രം |

പ്രവർത്തനം-5

കുടിയേറ്റംകൊണ്ട് ഗുണവും ദോഷവും സംഭവിക്കുന്നു. താഴെ കൊടുത്തിരിക്കന്ന വസ്തുതകൾ പരിശോധിച്ചു ദോഷങ്ങൾ കണ്ടെത്താൻ കുട്ടികളെ സഹായിക്കുന്നു.

| കുടിയേറ്റത്തിന്റെ ഗുണഫലങ്ങൾ | കുടിയേറ്റത്തിന്റെ ദോഷഫലങ്ങൾ |
|---|---|
| | |
| | |
| | |
| | |
| | |

Key Points:

| കുടിയേറ്റത്തിന്റെ ഗുണഫലങ്ങൾ | കുടിയേറ്റത്തിന്റെ ദോഷഫലങ്ങൾ |
|---|---|
| സാംസ്കാരിക വിനിമയം | ചേരികളുടെ ആവിർഭാവം |
| മനുഷ്യശേഷിയുടെ കൈമാറ്റം | അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ് |
| പുത്തൻ അറിവുകളുടെ കൈമാറ്റം | അമിത വിഭവ ചൂഷണം |
| സാമ്പത്തിക അഭിവൃദ്ധി | വിഭവ ദൗർലഭ്യം |
| ഭാഷാസാഹിത്യരംഗങ്ങളിൽ സ്വാധീനം | ഒരു പ്രദേശത്തെ ജനസംഖ്യാ ഘടനയിലുണ്ടാകുന്ന വ്യത്യാസം |
| കാർഷിക രംഗത്തെ മാറ്റങ്ങൾ, വൈവിധ്യങ്ങൾ | ഭൂപ്രകൃതിക്കനുയോജ്യമല്ലാത്ത ഭൂവിനിയോഗ രീതിയുടെ വ്യാപനം |
| ഗതാഗത വാർത്താ വിനിമയ രംഗത്തെ വളർച്ച | പരിസ്ഥിതി നാശവും മലിനീകരണവും ഉയർന്ന ജനസാന്ദ്രതയും. |

ജനങ്ങൾ ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് ദിവസേന യാത്ര ചെയ്യുന്നതിനെ കമ്യൂട്ടേഷൻ എന്നും യാത്ര ചെയ്യുന്നയാളെ കമ്യൂട്ടർസ് എന്നും പറയുന്നു.

പർവ്വതത്തിന്റെ താഴ്‌വരയിൽ താമസിക്കുന്ന ഗുജ്ജർ ബെക്കർവാൾ വർഗങ്ങൾ വേനൽക്കാലത്ത് ആടുമാടുകളെ മേയ്ക്കാനായി പർവ്വതങ്ങളിലേക്ക് യാത്രയാവുകയും വേനൽക്കാലം മുഴുവൻ അവിടെ കഴിച്ചുകൂട്ടുകയും ശൈത്യകാലാരംഭത്തോടെ മലയിറങ്ങുന്നു. ഈ സഞ്ചാരത്തെ ട്രാൻസ് ഹ്യൂമാൻസ് എന്നാണറിയപ്പെടുന്നത്.

ഉദാഹരണം:

| കമ്യൂട്ടേഷൻ | ട്രാൻസ് ഹ്യൂമാൻസ് |
|---|---|
| എ) വിദ്യാലയത്തിലേക്ക് കുട്ടികളുടെ വരവും പോക്കും | എ) ആടുമാടുകളെ മേയ്ക്കാനായി ജമ്മു-കാശ്മീരിലെ ഗുജ്ജർ, ബെക്കർ വർഗങ്ങളുടെ പർവ്വതങ്ങളിലേക്ക് യാത്രയും വരവും. |
| ബി) കച്ചവടത്തിന് വേണ്ടി കച്ചവടക്കാരുടെ നിത്യയാത്രകൾ | ബി) അമ്മയുടെ നാട്ടിലെ കമ്പിളി വിൽപനക്കാരുടെ വരവും പോക്കും |
| സി) കണ്ണൂരിൽ സ്ഥിരതാമസമുള്ള ഉദ്യോഗസ്ഥർ കോഴിക്കോട്ടും കാസർഗോഡുമുള്ള ഓഫീസിലേക്ക് ദിവസേന പോയിവരുന്നു. | സി) നാടോടികളുടെ വരവും പോക്കും. |



## പ്രവർത്തനം - 5

പട്ടിക 2.5 പേജ് 50 പൂർത്തിയാക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

| ദിവസം | വേലി | സൂര്യൻ, ചന്ദ്രൻ, ഭൂമി ഇവയുടെ ആപേക്ഷിക സ്ഥാനങ്ങൾ | വേലിയുടെ സ്വഭാവം |
|---|---|---|---|
| അമാവാസി | വാവുവേലി | സൂര്യൻ, ചന്ദ്രൻ, ഭൂമി ഒരേ നിലയിൽ ചന്ദ്രന്റെ സ്ഥാനം സൂര്യനും ഭൂമിക്കും മധ്യേ. | വേലിയേറ്റം കൂടുതൽ ശക്തം |
| പൗർണമി | വാവുവേലി | സൂര്യൻ, ചന്ദ്രൻ, ഭൂമി ഒരേ രേഖയിൽ സ്ഥിതി ചെയ്യുന്നു. ഭൂമിയുടെ സ്ഥാനം സൂര്യന്റെയും ചന്ദ്രന്റെയും മധ്യേ | വേലിയേറ്റം കൂടുതൽ ശക്തം |
| ഒന്നാം പാദം | സപ്തമിവേലി | സൂര്യനും ചന്ദ്രനും ഭൂമിയിൽ നിന്ന് $90^0$ കോണീയ അകലത്തിൽ | ശക്തി കുറഞ്ഞ വേലിയേറ്റം |
| മൂന്നാം പാദം | സപ്തമിവേലി | സൂര്യനും ചന്ദ്രനും ഭൂമിയിൽ നിന്ന് $90^0$ | ശക്തി കുറഞ്ഞ വേലിയേറ്റം |

**വേലികൾ കൊണ്ടുള്ള പ്രയോജനങ്ങൾ**

എ) നദീമുഖങ്ങളിലും തുറമുഖങ്ങളിലും കപ്പൽ ഗതാഗതം കൂടുതൽ സുഗമമാക്കുന്നു

ബി) തീരങ്ങളിലെ മാലിന്യങ്ങളെ പുറംകടലിലേക്ക് നീക്കിക്കൊണ്ടു പോകുന്നു.

സി) മത്സ്യബന്ധനത്തിന് സഹായകരമായ സാഹചര്യങ്ങൾ ഒരുക്കുന്നു.

ഡി) നദീമുഖങ്ങളിലെ അവസാദങ്ങളെ നീക്കം ചെയ്യുന്നു.

ഇ) വൈദ്യുതി നിർമ്മാണത്തിന് ഉപയോഗിക്കുന്നു.

## പ്രവർത്തനം - 6

സമുദ്രജലം മലിനമാക്കപ്പെടുന്നതെങ്ങിനെയെന്ന് ചർച്ചയിലൂടെ ലഭിക്കുന്ന വസ്തുക്കൾ പദസൂര്യനാക്കി മാറ്റുന്നു.



വാവ്, (അമാവാസി, പൗർണമി) ദിവസങ്ങളിൽ ഉണ്ടാകുന്ന കൂടുതൽ ശക്തമായ വേലിയേറ്റങ്ങ ളാണ് വാവുവേലികൾ. വാവുദിനങ്ങളിൽ സൂര്യനും, ചന്ദ്രനും ഭൂമിയും ഏറെക്കുറെ ഒരേ രേഖയിലായിരി ക്കും സ്ഥിതി ചെയ്യുന്നത്. അപ്പോൾ സൂര്യന്റെയും ചന്ദ്രന്റെയും ഗുരുത്വാകർഷണ ബലവും മിക്കവാറും ഒരേ തലത്തിലൂടെ ഭൂമിയിൽ പതിക്കുന്നതുകൊണ്ടാണ് കൂടുതൽ ശക്തമായ വേലികൾ ഉണ്ടാവുന്നത്.

## വാവുവേലി (പൗർണമി)




## സപ്തമിവേലി

ഒന്നാം പാദം

ചന്ദ്രൻ

ഭൂമി

സൂര്യൻ

മൂന്നാ പാദം

ഒന്നാം പാദത്തിലും മൂന്നാം പാദത്തിലും ഉണ്ടാകുന്ന വേലികൾ താരതമ്യേന ശക്തി കുറഞ്ഞവയാ ണ്. സപ്തമി വേലികൾ എന്നാണ് ഇവ അറിയപ്പെടുന്നത്.

ചന്ദ്രൻ ഒന്നാം പാദത്തിലും മൂന്നാം പാദത്തിലും എത്തുമ്പോൾ ഭൂമിയിൽ നിന്ന് $90^0$ കോണീയ അകലത്തിലാണ് സൂര്യന്റേയും ചന്ദ്രന്റേയും സ്ഥാനം. അപ്പോൾ ആ രണ്ടു ഗോളങ്ങളുടെയും ഗുരുത്വാ കർഷണം ഭൂമിയിൽ $90^0$ കോണീയ അകലത്തിൽ പ്രവർത്തിക്കുന്നത് കൊണ്ടാണ് മറ്റ് ദിവസങ്ങളിലേ ക്കാൾ കുറഞ്ഞ വേലികൾ ഉണ്ടാകുന്നത്.



**വാസ സ്ഥലങ്ങൾ**

വാസസ്ഥലങ്ങളുടെ ഉത്ഭവത്തെക്കുറിച്ചു പരമാർശം മുതൽ ഗ്രാമീണ നഗര വാസ സ്ഥലങ്ങളുടെ വർഗ്ഗീകരണം വരെയുള്ള ഭാഗങ്ങൾ ഈ ഉപയൂണിറ്റിൽ ഉൾപ്പെടുന്നു.

**ആശയങ്ങൾ**

വാസസ്ഥലങ്ങളുടെ സ്ഥാന നിർണയ-ഘടകങ്ങൾ, വാസസ്ഥലങ്ങളുടെ ആകൃതിയും വലിപ്പവും ഗ്രാമീണ നഗരവാസ സ്ഥലങ്ങളുടെ വർഗ്ഗീകരണം, ജനസംഖ്യാ വർധനവ്, നഗരവത്കരണത്തിന് കാരണം - നഗരങ്ങളെ സേവനത്തിന്റേയും ജനസംഖ്യാ അടിസ്ഥാനത്തിലും വർഗ്ഗീകരിക്കാം.

കൃഷിയുടെ ആവിർഭാവത്തോടെ മനുഷ്യൻ ഒരിടത്തു സ്ഥിരമായി താമസിക്കാൻ തുടങ്ങി. വാസസ്ഥ ലങ്ങളുടെ സ്ഥാന നിർണയത്തിന് ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഓരോ പ്രദേ ശത്ത് നിലനിന്നിരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി വാസസ്ഥലങ്ങളുടെ ആകൃതിയിലും വൈവിധ്യ മുണ്ടായി. കാലക്രമേണ ഗ്രാമീണ വാസസ്ഥലങ്ങൾക്കിടയിൽ നഗരങ്ങൾ വളർന്നുവന്നു.

**പ്രവർത്തനം - 6**

വാസസ്ഥലങ്ങളുടെ സ്ഥാന നിർണ്ണയ ഘടകങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന് അധ്യാപകർക്ക് ഒരു ഗ്രാമത്തിന്റെ രൂപരേഖ നൽകുന്നു. നിങ്ങളുടെ കുടുംബം കുടിയേറ്റം നടത്താൻ തീരുമാനിച്ചു എന്ന് സങ്ക ല്പിക്കുക. എങ്കിൽ രൂപരേഖയിൽ ഏതു പ്രദേശമായിരിക്കും താമസത്തിനായി തെരഞ്ഞെടുക്കുക, ആ സ്ഥലം നിങ്ങളെ തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരിക്കും എന്ന ചോദ്യം കുട്ടികൾക്ക് ന




**ey Point :**

തെരഞ്ഞെടുക്കുന്നത് എക്കൽ

പ്രദേശമാണ്.

**രണങ്ങൾ**

മണ്ണിന്റെ ഫലപുഷ്ടി, കാലാവസ്ഥ,

ലലഭ്യത, സുരക്ഷിതത്വം, ഗതാഗതം,

ാർത്താ വിനിമയം തുടങ്ങിയവ.

യും അടിസ്ഥാനത്തിൽ വാസസ്ഥലങ്ങളെ

തിന്റേയും സ്കെച്ച് തയ്യാറാക്കുന്നു. കേന്ദ്രീ കൃത വാസസ്ഥലം, വിസരിത വാസസ്ഥലം, നക്ഷത്രാകൃതിയിലുള്ള വാസസ്ഥലം, രേഖാകൃത വാസസ്ഥലം, വൃത്താകൃതിയിലുള്ള വാസസ്ഥലം കുട്ടികൾ പരിചയപ്പെടുത്തുന്നു.




കേന്ദ്രീകൃത വാസസ്ഥലം

നക്ഷത്രാകൃതിയിലുള്ള വാസസ്ഥലം

| വിസരിത വാസസ്ഥലം | വൃത്താകൃതിയിലുള്ള വാസസ്ഥലം | രേഖാകൃതമായ വാസസ്ഥലം |
|---|---|---|

## പ്രവർത്തനങ്ങൾ - 8

താഴെ പറയുന്ന നഗരങ്ങൾ പ്രസിദ്ധമായിരിക്കുന്നത് എന്തെല്ലാം കാരണങ്ങളാൽ ആയിരിക്കും?

ഊട്ടി, ഡൽഹി, വാരാണസി, ജാംഷഡ്പൂർ, അഹമ്മദാബാദ്, കുളു, ചെന്നൈ, മുംബൈ, കോയമ്പത്തൂർ, ആലുവ, തൃശൂർ, ഫത്തേപൂർ സിക്രി, കൊൽക്കത്ത, ആഗ്ര, മധുര, തിരുവനന്തപുരം, ബാംഗ്ലൂർ, മനാലി, ഡാർജിലിംഗ്, മൂന്നാർ.

| ഭരണനഗരം | വ്യവസായ നഗരം | സാംസ്കാരിക നഗരം | സുഖവാസ നഗരം |
|---|---|---|---|
| ഡൽഹി | ജാംഷഡ്പൂർ | വാരാണസി | ഊട്ടി |
| ചെന്നൈ | കോയമ്പത്തൂർ | തൃശൂർ | കുളു |
| മുംബൈ | ആലുവ | ഫത്തേപ്പൂർ സിക്രി | മനാലി |
| കൊൽക്കത്ത | അഹമ്മദ്ബാദ് | ആഗ്ര | സിംല |
| തിരുവനന്തപുരം | | മധുര | ഡാർജിലിംഗ് |
| ബാംഗ്ലൂർ | | | മൂന്നാർ |

തലസ്ഥാന നഗരങ്ങൾ പൊതുവെ ഭരണ നഗരങ്ങളാണെങ്കിലും ചില നഗരങ്ങൾ അവയുടെ പ്രാധാന്യം അനുസരിച്ച് മറ്റ് ഗണത്തിലും പെടുത്താവുന്നതാണ്.

വാസസ്ഥലങ്ങൾ

- ഗ്രാമീണ വാസസ്ഥലം
  - ഒറ്റപ്പെട്ട വാസസ്ഥലങ്ങൾ (ഒന്നോ രണ്ടോ വീടുകൾ വിശാലമായ കൃഷിയിടങ്ങൾ, വനപ്രദേശങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു)
  - ഹാംലറ്റ് (ഏതാനും വീടുകൾ വിശാലമായ കൃഷിയിടങ്ങൾക്കിടയിൽ കാണപ്പെടുന്നു. ചെറിയ കടകൾ, പോസ്റ്റോഫീസ്, ആരാധനാലയങ്ങൾ എന്നിവയുണ്ടായിരിക്കും).
  - ഗ്രാമം (കുറേയേറെ വീടുകൾ, പൊതുകെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, കടകൾ, പോസ്റ്റോഫീസ്, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഭേദപ്പെട്ട റോഡുകൾ എന്നിവയുണ്ടായിരിക്കും. പ്രാദേശിക റോഡുകൾ സന്ധിക്കുന്ന സ്ഥലങ്ങളിൽ വാസസ്ഥലങ്ങൾ വികസിച്ചുവരുന്നു)
- നഗര വാസ സ്ഥലങ്ങൾ
  - നഗരം (ചുരുങ്ങിയത് ഒരു ലക്ഷം പേരെങ്കിലും താമസിക്കണം) ഉദാ: കണ്ണൂർ, തലശ്ശേരി
  - മെട്രോപൊളിറ്റൻ നഗരം. (അഞ്ച് ലക്ഷമോ അതിലധികമോ താമസിക്കണം) ഉദാ: ഡൽഹി, മുംബൈ, കൊൽക്കത്ത ചെന്നൈ
  - മെഗാലോപോളിസ് (നഗരങ്ങളുടെ നഗരം) ഉദാ: ന്യൂയോർക്ക് പാരീസ്, ലണ്ടൻ.

Note : ജനസാന്ദ്രത കൂടുതലുള്ള കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഒറ്റപ്പെട്ട വാസസ്ഥലങ്ങളും ഹാംലെറ്റും കാണപ്പെടുന്നില്ല. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കർണ്ണാടകം, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലും ഇത്തരം വാസസ്ഥലങ്ങൾ കാണപ്പെടുന്നു.



## ലവണത്വം

ലവണത്വത്തിന്റെ അളവ് എല്ലായിടത്തും ഒരുപോലെയല്ല. കാരണങ്ങൾ കണ്ടെത്തുന്നതിന് കുട്ടികളെ സഹായിക്കാൻ ചുവടെ കൊടുത്തിട്ടുള്ള വിശദീകരണം സഹായകമാവും.

- ബാഷ്പീകരണം കൂടുമ്പോൾ ലവണത്വം കൂടുന്നു
- ഉയർന്ന അളവിൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ലവണത്വം കുറയുന്നു.
- നദീമുഖങ്ങളിൽ താരതമ്യേന കുറവായിരിക്കും.
- മഞ്ഞുരുകിയെത്തുന്ന ജലം ലവണത്വം കുറയുന്നതിന് കാരണമാകുന്നു.
- ശീതജല പ്രവാഹങ്ങളും ഉഷ്ണജല പ്രവാഹങ്ങളും തമ്മിൽ കൂടിച്ചേരുന്ന ഭാഗങ്ങളിൽ താരതമ്യേന ലവണത്വം കുറയും.

## സമുദ്രജല ചലനങ്ങൾ

**ആശയങ്ങൾ**

കടൽതിരകൾ, തിരകളുടെ ഉത്ഭവം, തിരകളുടെ ഫലങ്ങൾ, സമുദ്രത്തിലെ വേലികൾ, കാരണങ്ങൾ, വാവുവേലി, സപ്തമി വേലി, വേലികളുടെ ഫലങ്ങൾ.



സമുദ്രജല ഉപരിതലത്തിന്റെ നിമ്നോന്നത രൂപത്തിലുള്ള ചലനങ്ങളാണ് തിരകൾ. കടൽതിരകളെ സൃഷ്ടിക്കുന്നത് കാറ്റാണ്. (ജലാശയത്തിന്റെ വ്യാപ്തി എന്ന ആശയവും കൂടി രൂപപ്പെടുത്തേണ്ടതുണ്ട്) നിശ്ചിത സമയം ഇടവിട്ട് സമുദ്രജല നിരപ്പിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉയർച്ചയും താഴ്ച ...ന് വേലിയേറ്റവും. സമുദ്രത്തിൽ ഒരേസമയം രണ്ടിടത്ത് വേലിയേറ്റവും മറ്റ് രണ്ടിടത്ത് വേലി ...വും ഉണ്ടാകുന്നു. ചന്ദ്രനെ അഭിമുഖീകരിക്കുന്ന ഭൂഭാഗത്തും അതിനെതിരെയുള്ള ഭൂഭാ ...ാണ് ഒരേസമയം വേലിയേറ്റമുണ്ടാകുന്നത്. ചന്ദ്രനുനേരെയുള്ള ഭൂതല ഭാഗത്ത് വേലിയേറ്റമു ...ന്നത് ചന്ദ്രന്റെ ഗുരുത്വാകർഷണം മൂലമാണ്. അതിനെതിരെയുള്ള ഭൂതലഭാഗത്ത് വേലിയേറ്റ ...വുന്നത് ചന്ദ്രന്റെ ഗുരുത്വാകർഷണം മൂലമാണ്. അതിനെതിരെയുള്ള ഭൂതലഭാഗത്തെ വേലിയേറ്റത്തിന് കാരണം അപകേന്ദ്ര ബലമാണെന്നും ചിത്രം ടി.ബി. 2.2. പേജ് 20 വിശദമാക്കുന്നു.

## പ്രവർത്തനം - 4

ചിത്രം പരിശോധിച്ച് വാവുവേലി, സപ്തമിവേലി, സൂര്യ ചന്ദ്രന്മാരുടെ സ്ഥാനം പട്ടികപ്പെടുത്തുക.

### വാവുവേലി (അമാവാസി)

സൂര്യൻ

ഭൂമി

ചന്ദ്രൻ

ളിൽ എത്തിക്കുന്നു.

## ധാതുക്കൾ

ധാതുക്കൾ, സമുദ്രങ്ങളിലും കാണപ്പെടുന്നു. കറിയുപ്പ്, ബ്രോമിൻ, മഗ്നീഷ്യം, പെട്രോളിയം, പ്രകൃതി വാതകം, മാംഗനീസ്, സൾഫർ, ഇൽമനേറ്റ്, ടൈറ്റാനിയം മോണോസൈറ്റ്. ഇന്ന് വ്യാപകമായി ഖനനം ചെയ്യപ്പെടുന്നത് പെട്രോളിയവും പ്രകൃതി വാതകവുമാണ്. ഇന്ത്യയിൽ പ്രകൃതി വാതകങ്ങൾ ഖനനം ചെയ്യപ്പെടാനുള്ള സാധ്യത കൂടുതലാണ്.

## സമുദ്രജല ഊഷ്മാവും ലവണത്വവും

**രൂപപ്പെടേണ്ട ആശയങ്ങൾ**

(എ) സുമുദ്രജല ഊഷ്മാവും അതിനെ സ്വാധീനിക്കുന്ന ഘടകങ്ങളും

(ബി) സമുദ്രജല ലവണത്വവും അതിനെ നിയന്ത്രിക്കുന്ന ഘടകങ്ങളും

## പ്രവർത്തനം – 3

സമുദ്രജലത്തിന്റെ ഉപരിതല ഊഷ്മാവ് സമുദ്രങ്ങളിൽ എല്ലായിടത്തും ഒരുപോലെയല്ല. ഗ്രൂപ്പ് ചർച്ചയിലൂടെ രൂപപ്പെടുന്ന കുറിപ്പുകൾ പരസ്പരം പങ്ക് വെക്കുന്നു. താഴെ പറയുന്ന ധാരണകൾ രൂപപ്പെടുന്നു.

### അക്ഷാംശം

ഭൂമധ്യ രേഖാ പ്രദേശങ്ങളിൽ സമുദ്രജല ഊഷ്മാവ് കൂടുതലായിരിക്കും. ഉയർന്ന അക്ഷാംശ പ്രദേശങ്ങളിലേക്ക് പോകുംതോറും സമുദ്രജല-ഊഷ്മാവ് കുറഞ്ഞുവരും.

### ലവണത്വം

സമുദ്ര ജലത്തിന്റെ ലവണത്വ തോത് കൂടുതലാണെങ്കിൽ ഊഷ്മാവ് കൂടുതലായിരിക്കും.

## സമുദ്രജല പ്രവാഹങ്ങൾ

ഉഷ്ണമേഖല പ്രവാഹങ്ങൾ ഉയർന്ന അക്ഷാംശ പ്രദേശങ്ങളിലെ സമുദ്രഭാഗങ്ങളിലേക്ക് ഒഴുകിയെത്തുമ്പോൾ അവിടുത്തെ സമുദ്ര ജലവുമായി കൂടിചേരുകയും ഇത് സമുദ്ര ജല ഊഷ്മാവ് ഉയരുന്നതിന് കാരണമാകുന്നു. ഉയർന്ന അക്ഷാംശ പ്രദേശങ്ങളിൽ നിന്ന് ഉഷ്ണമേഖലാ പ്രദേശങ്ങളിലേക്ക് ഒഴുകിയെത്തുമ്പോൾ ശീതജല പ്രവാഹങ്ങൾ ആ പ്രദേശത്തെ സമുദ്രജല ഊഷ്മാവ് കുറയുന്നതിന് കാരണമാകുന്നു.

## കാറ്റുകൾ

വൻകരകളിൽ നിന്നും സമുദ്രങ്ങളിലേക്ക് വീശുന്ന ചൂടുള്ള വരണ്ട കാറ്റുകൾ സമുദ്രജലത്തെ ഊഷ്മാവ് കൂട്ടുന്നതിന് കാരണമാകുന്നു.

ശൈത്യകാലങ്ങളിൽ മഞ്ഞ് മൂടിക്കിടക്കുന്ന പ്രദേശങ്ങളിൽ നിന്നും വീശുന്ന തണുത്ത കാറ്റുകൾ അവ വീശുന്ന പ്രദേശങ്ങളിലെല്ലാം തന്നെ ഊഷ്മാവ് കുറയുന്നതിന് കാരണമാകുന്നു. ഇവ കൂടാതെ ചില പ്രധാന ഘടകങ്ങളും സമുദ്രജല ഊഷ്മാവിനെ സ്വാധീനിക്കാറുണ്ട്. സമുദ്രത്തിന്റെ സ്ഥാനം, ആകൃതി, സമുദ്രാന്തർ പർവ്വതങ്ങൾ, പ്രാദേശിക കാലാവസ്ഥ എന്നിവയാണ് ഇവ.

**ഐസോനോമലുകൾ**

തുല്യ സമുദ്രജല ഊഷ്മാവ് അനുഭവപ്പെടുന്ന സമുദ്രഭാഗങ്ങളെ ഭൂപടത്തിൽ പ്രദർശിപ്പിക്കുന്ന സാങ്കല്പിക രേഖയാണ് ഐസോനോമലുകൾ.



## തുടർ പ്രവർത്തനങ്ങൾ

**പ്രവർത്തനം – 1**

* നെൽസൻ മൺഡേല, ബാൻ കി മൂൺ, ടോണിബ്ലെയർ തുടങ്ങിയവരുടെ ചിത്രങ്ങൾ ഐ.ടി യുടെ സഹായത്താൽ വിശകലനം ചെയ്ത് അവയുടെ പ്രത്യേകത കണ്ടെത്തുക.
* കുടിയേറ്റം വർഗ്ഗശുദ്ധി നഷ്ടപ്പെട്ട മനുഷ്യന്റെ സൃഷ്ടിക്ക് കാരണമാകുന്നു. സോഷ്യൽ സയൻസ് വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങൾ ഈ കാര്യത്തെ എങ്ങനെ നിരീക്ഷിക്കുന്നു.
* ടെക്സ്റ്റ്ബുക്കിലെ ചിത്രം1.1 (പേജ് 11)ഉം ആധുനിക ലോകമേപ്പ് ഉപയോഗിച്ച് ഇന്നത്തെ വിവിധ വർഗ്ഗങ്ങളുടെ വ്യാപന മേഖലകൾ താരതമ്യംചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുക.

**CWSN** **ചാർട്ട് വർക്ക്**

1. മനുഷ്യ വർഗ്ഗങ്ങളുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തി പാർട്ടിൽ പ്രദർശിപ്പിക്കുക.
2. കുടിയേറ്റത്തിന്റെ ഗുണ, ദോഷഫലങ്ങൾ
3. പലതരം വാസസ്ഥലങ്ങൾ
4. വിവിധതരം നഗരങ്ങളുടെ പ്രാധാന്യം

## തുടർ പ്രവർത്തനം – 2

കുടിയേറ്റത്തിന്റെ അനന്തര ഫലങ്ങളെ ഗുണഫലങ്ങൾ, ദോഷഫലങ്ങൾ എന്നിങ്ങനെ വേർതിരിക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ നൽകിയിട്ടുള്ള പട്ടിക പൂർണമാക്കുക.

| കുടിയേറ്റത്തിന്റെ ഗുണങ്ങൾ | കുടിയേറ്റത്തിന്റെ ദോഷഫലങ്ങൾ |
|---|---|
| ✸ സാംസ്കാരിക വിനിമയം | ✸ ചേരികളുടെ ഉത്ഭവം |
| ✸ | ✸ |
| ✸ | ✸ |
| ✸ | ✸ |
| ✸ | ✸ |
| ✸ | ✸ |

## തുടർ പ്രവർത്തനം – 3

താഴെ കൊടുത്തിരിക്കുന്ന നഗരങ്ങളെ അവ നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുക.

തൃശൂർ, ഊട്ടി, ആലുവ, കോയമ്പത്തൂർ, തിരുവനന്തപുരം, മധുര, ചെന്നൈ, മൂന്നാർ.

**ഉത്തര സൂചിക.**

| | |
|---|---|
| തിരുവനന്തപുരം, ചെന്നൈ | : ഭരണ നഗരം |
| തൃശൂർ, മധുര | : സാംസ്കാരിക നഗരം |
| ആലുവ, കോയമ്പത്തൂർ | : വ്യാവസായിക നഗരം |
| ഊട്ടി, മൂന്നാർ | : സുഖവാസ നഗരം |

# യൂനിറ്റ് – 2
# സമുദ്രങ്ങളും സമുദ്രജല പ്രവാഹങ്ങളും

പ്രാചീന കാലം മുതലേ മനുഷ്യനും സമുദ്രവും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചാണ് ഈ പാഠഭാഗത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സമുദ്രജല ഊഷ്മാവ്, ലവണത്വം, തിരകൾ, വേലികൾ, സമുദ്രജല പ്രവാഹങ്ങൾ എന്നിവയും വിശദീകരിക്കുന്നു.

## ആശയങ്ങൾ

സമുദ്രങ്ങൾ എല്ലാം പ്രത്യേക അതിരുകളില്ലാതെ പരസ്പരം യോജിച്ചു കിടക്കുന്നു. ഇങ്ങിനെ ഒന്നായി കിടക്കുന്നതുകൊണ്ടാണ് ലോക മഹാസമുദ്രങ്ങൾ എന്നു പറയുന്നത്. സമുദ്രം മനുഷ്യന്റെ നിലനിൽപിനും പുരോഗതിക്കും വളരെയധികം സംഭാവന നൽകുന്നു. വരും നാളുകളിൽ മനുഷ്യന്റെ നിലനിൽപുതന്നെ കൂടുതലും സമുദ്രത്തെ ആശ്രയിച്ചായിരിക്കും.

## പ്രവർത്തനങ്ങൾ

**പ്രവർത്തനം – 1**

ലോകഭൂപടം, ഗ്ലോബ് എന്നിവയുടെ സഹായത്താൽ വൻകരകളും സമുദ്രങ്ങളും പരിചയപ്പെടുത്തുന്നു. തുടർന്ന് ഉൾക്കടലുകളും (മെക്സിക്കോ, കാലിഫോർണിയ, ഹഡ്സൺ, ഒഘോഡിസ്ക്, ഫണ്ഡി, പേർഷ്യൻ, ബംഗാൾ ഉൾക്കടൽ ചെങ്കടൽ) ബഫിംഗ് കടൽ, ഗ്രീൻലാന്റ്, ന്യൂഫൗണ്ട്ലാന്റ്, കാനറീസ് ദ്വീപ്, ഫ്ളോറിഡ, ബ്രസീൽ, നോർവേ കണ്ടെത്തുന്നു.

| സമുദ്രങ്ങൾ | വൻകരകൾ | |
|---|---|---|
| പസഫിക് സമുദ്രം | പടിഞ്ഞാറ് | ഏഷ്യ, ഓസ്ട്രേലിയ |
| | കിഴക്ക് | വടക്കേ അമേരിക്ക, തെക്കേ അമേരിക്ക |
| അത്ലാന്റിക് സമുദ്രം | പടിഞ്ഞാറ് | വടക്കേ അമേരിക്ക, തെക്കേ അമേരിക്ക |
| | കിഴക്ക് | യൂറോപ്പ്, ആഫ്രിക്ക |
| ഇന്ത്യൻ സമുദ്രം | വടക്ക് | ഏഷ്യ |
| | പടിഞ്ഞാറ് | ആഫ്രിക്ക |
| | കിഴക്ക് | ഓസ്ട്രിയ , ഏഷ്യയുടെ ഭാഗങ്ങൾ |

**പാഠഭാഗം 2.1 (പട്ടിക) പൂർത്തീകരിക്കാൻ കുട്ടികളെ സഹായിക്കുക.**

| സമുദ്രങ്ങൾ | വിസ്തൃതി | ശരാശരി ആഴം | ഏറ്റവും ആഴമുള്ള ഗർത്തം | കടലുകൾ | |
|---|---|---|---|---|---|
| പസഫിക് സമുദ്രം | 165.2 ലക്ഷം ച.കി.മീ | 4.270മീറ്റർ | ചലഞ്ചർ ഗർത്തം (11032) | ബറിങ്കടൽ മഞ്ഞകടൽ ചൈനാകടൽ | കാലി ഫോർണിയ ഓഘലാട്ട്സ്ക് |
| അത്ലാന്റിക് സമുദ്രം | 82.4 ലക്ഷം ച.കി.മീ | 3700മീറ്റർ | പ്യൂറിട്ടോറിക്കാ ഗർത്തം (8619 മീറ്റർ) | മെഡിറ്ററേനിയൻ കരീബിയൻ നോർത്ത് സീ | ഹഡ്സൺ മെക്സിക്കോ ഫൺഡി |
| ഇന്ത്യൻ സമുദ്രം | 73.4 ലക്ഷം ച.കി.മീ | 3960മീറ്റർ | വാർട്ടൺ ഗർത്തം (7725 മീറ്റർ) | അറബിക്കടൽ | പേർഷ്യൻ ബംഗാൾ ഉൾക്കടൽ ചെങ്കടൽ |



**പ്രവർത്തനം – 2**

സമുദ്രങ്ങൾ നമുക്ക് എങ്ങിനെ പ്രയോജനപ്പെടുന്നു എന്ന് വ്യക്തമായി കുറിക്കുവാൻ ആവശ്യപ്പെടുന്നു. അവതരിപ്പിക്കുന്നു – അധ്യാപകന്റെ ക്രോഡീകരണം – ചാർട്ടിന്റെ പ്രദർശനം.




മുകളിൽ നൽകിയിട്ടുള്ള പദസൂര്യനെ അടിസ്ഥാനമാക്കി ചർച്ച ചെയ്യാൻ ആവശ്യപ്പെടുന്നു. ടി.ബി. യുടെ സഹായത്താൽ നൽകിയിരിക്കുന്ന ഓരോ സൂചികകൾക്കും വിശദീകരണം ആവശ്യപ്പെടുന്നു. (കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു, ഗ്രൂപ്പിൽ കുറിപ്പുകൾ തയ്യാറാവുന്നു. അവതരിപ്പിക്കപ്പെടുന്നു. അധ്യാപകന്റെ സഹായത്തോടെ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു)

## സൂചന

കാലാവസ്ഥയെ സ്വാധീനിക്കുന്നു. (സമുദ്രത്തിന് മുകളിലൂടെ കരയിലേക്ക് വീശുന്ന കാറ്റുകൾ മഴക്ക് കാരണമാകുന്നു. തീരപ്രദേശങ്ങളിലെ ഊഷ്മാവിനെ ക്രമീകരിക്കുന്നു. ഉഷ്ണജല പ്രവാഹങ്ങൾ ഒഴുകുന്ന തീരപ്രദേശങ്ങളിൽ ഊഷ്മാവ് വർധിക്കുന്നു. ശീതജല പ്രവാഹങ്ങൾ ഒഴുകുന്ന തീരപ്രദേശങ്ങളിൽ ഊഷ്മാവ് കുറയുന്നു).

## ശുദ്ധജലം പ്രദാനം ചെയ്യുന്നു

(എ) സമുദ്രസ്വേദനം (ബി) വൈദ്യുത വിശ്ലേഷണം

## ഭക്ഷ്യ വസ്തുക്കൾ

മത്സ്യം, ആൽഗകൾ, മറ്റ് കടൽ സസ്യങ്ങൾ, ഔഷധ നിർമ്മാണത്തിനും ആൽഗകൾ ഉപയോഗിക്കുന്നു. കാലിത്തീറ്റ, ജൈവവളം എന്നിവയുടെ നിർമാണത്തിനും ആൽഗകളെ പ്രയോജനപ്പെടുത്തുന്നു.

## ഊർജ്ജം

വേലികൾ, തിരമാലകൾ, സമുദ്രജല പ്രവാഹങ്ങൾ എന്നിവ വൈദ്യുതോല്പാദനം സാധ്യമാക്കുന്നു.

## ഗതാഗതം

വൻതോതിലുള്ള ചരക്ക് നീക്കത്തിന് സമുദ്രങ്ങളാണ് ഏറ്റവും അനുയോജ്യം. ഘനയന്ത്രങ്ങൾ, ഭക്ഷ്യ സാധനങ്ങൾ, പെട്രോളിയം, ധാതു അയിരുകൾ കപ്പലുകളിൽകൂടി ലോകത്തിന്റെ വിവിധ ഭാഗങ്ങ